# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 31.01.2016

# അധ്യാപക പാക്കേജ് ഉത്തരവ്
# വഞ്ചനാപരം

**-കെ എസ് ടി എ**

അധ്യാപക തസ്തികാ നിർണയവും സംരക്ഷണവും സംബന്ധിച്ച് കഴിഞ്ഞ ദിവസം സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് അധ്യാപകരെ വീണ്ടും വഞ്ചിക്കുന്നതാണ്. 17-12-2015 ലെ ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിലാണ് ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. എന്നാൽ ഹൈക്കോടതി ഉത്തരവിനെതിരെ സർക്കാർ അപ്പീൽ പോകുവാൻ തീരുമാനിച്ചിരിക്കുകയാണെന്ന് ഈ ഉത്തരവിൽ തന്നെ സൂചിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ നിലവിലെ നിയമനാംഗീകാരവും തസ്തിക നിർണയവും സർക്കാരിന്റെ അപ്പീലിന്റെ തീർപ്പിന് വിധേയമായി മാത്രമേ നിലനിൽക്കുകയുള്ളൂ. 31-3-2011 വരെ സർവീസിലുള്ള എല്ലാ എയ്ഡഡ് സ്കൂൾ അധ്യാപകർക്കും ജോലി സംരക്ഷണം നൽകുമെന്ന് ഈ ഉത്തരവിൽ പറയുന്നുണ്ട്. എന്നാൽ ഉത്തരവിലെ നിർദ്ദേശങ്ങളിൽ ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽ നിന്ന് മാറ്റുമ്പോഴുണ്ടാവുന്ന ഒഴിവിൽ തസ്തിക നഷ്ടപ്പെട്ട അധ്യാപകരെ നിയമിക്കുമെന്നാണ് പറയുന്നത്. എയ്ഡഡ് വിദ്യാലയങ്ങളിൽ ഇത്തരത്തിലുണ്ടാവുന്ന ഒഴിവ് വളരെ പരിമിതമാണ്. അതിനാൽ ബാക്കിയുള്ളവരെ ഏത് തസ്തികയിൽ നിയമിക്കുമെന്ന് സൂചിപ്പിച്ചിട്ടില്ല. 1:1 എന്ന അനുപാതം സ്വകാര്യ സ്കൂൾ മാനേജർമാർ നിലവിൽ എതിർക്കുന്നതാണ്. പുനർ വിന്യസിക്കുന്ന അധ്യാപകരുടെ സർവീസ് ബുക്ക് വിദ്യാഭ്യാസ ഓഫീസുകളിൽ സൂക്ഷിക്കുമെങ്കിലും അവരുടെ ശമ്പളം ആര് വാങ്ങിക്കൊടുക്കുമെന്ന് പറയുന്നില്ല. 2016-17 മുതൽ തസ്തികാ നിർണയം ഏത് അനുപാതത്തിലാണ് എന്ന് ഈ ഉത്തരവ് വ്യക്തമാക്കുന്നില്ല. ഈ ഉത്തരവ് മൂലം ഗവൺമെന്റ് സ്കൂളുകൾക്ക് യാതൊരു പ്രയോജനവും ഇല്ല. അതുകൊണ്ട് തന്നെ സർക്കാർ ഒരിക്കൽക്കൂടി അധ്യാപകരെ വഞ്ചിച്ചിരിക്കുകയാണ്. അനാദായകരമെന്ന് സർക്കാർ വിശേഷിപ്പിക്കുന്ന വിദ്യാലയങ്ങളിലെ നിയമനങ്ങൾക്ക് ഇപ്പോഴും അനുമതിയില്ല. അതുകൊണ്ട് തന്നെ അത്തരം വിദ്യാലയങ്ങൾ സ്വാഭാവിക നാശത്തിലേക്ക് പോകും. അധ്യാപകരുടെ ജോലി സംരക്ഷിക്കാൻ ഉതകുന്ന തീരുമാനം ഉണ്ടാവണമെന്നും അല്ലാത്തപക്ഷം ഇതര അധ്യാപക സംഘടനകളെക്കൂടി കൂട്ടിയോജിപ്പിച്ചുകൊണ്ട് പ്രക്ഷോഭം സംഘടിപ്പിക്കുമെന്നും ജനറൽ സെക്രട്ടറി കെ സി ഹരികൃഷ്ണൻ പ്രസ്താവിച്ചു.

**കെ സി ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി